**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **10-10-2024 - ൽ മറുപടിയ്ക്ക്**

**വക്കം-കായിക്കര കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വക്കം-കായിക്കര കടവ് പാലം നിർമ്മാണം സ്ഥലം ഏറ്റെടുക്കൽ ഏതു ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | വക്കം-അഞ്ചുതെങ്ങ് വില്ലേജുകളെ തമ്മിൽ യോജിപ്പിക്കുന്ന കായിക്കര കടവ് പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടിയിൽ 44 ഭൂവുടമകളാണുള്ളത്. ആയതിൽ 22 ഭൂവുടമകളുടെ അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 22 ഭൂവുടമകളുടെ അവാർഡ് പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് എൽ.എ കോമ്പൻസേഷൻ ഇനത്തിൽ 6,88,45,531/- (ആറ് കോടി എൺപത്തി എട്ട് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഒന്ന് രൂപ) ലഭ്യമായിട്ടുള്ളതും ആയതിൽ 3,52,99,682/- (മൂന്ന് കോടി അമ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റൊൻപതിനായിരത്തി അറുന്നൂറ്റി എൺപത്തി രണ്ട് രൂപ) ഭൂവുടമകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതും 3,35,45,849/- (മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒൻപത് രൂപ) ബാക്കി ഉള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിന് 1,28,56,770/- (ഒരു കോടി ഇരുപത്തി എട്ട് ലക്ഷത്തി അമ്പത്തി ആറായിരത്തി എഴുന്നൂറ്റി എഴുപത് രൂപ ) രൂപ കൂടി ആവശ്യമുള്ളതും ആയത് ലഭ്യമാക്കുവാൻ അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ